ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗത്തിന് വിശാഖപട്ടണത്ത് തുടക്കം; കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അധ്യക്ഷത വഹിക്കുന്നു.

**BRICS Youth Affairs Ministers' Meeting begins in Visakhapatnam; Union Minister Mansukh Mandaviya chairs the meeting.**

2. 4 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്ലോർ-ഫെനിറാമിനും ഫെനൈൽ- ഫ്രിനും അടങ്ങിയ മരുന്നുകൾ നൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തി കേന്ദ്ര സർക്കാർ.

**Govt imposes restrictions on the use of medicines containing Chlorpheniramine and Phenylephrine for children below four years of age.**

3. യെമൻ, സൊമാലിയ തീരങ്ങളിൽ നിന്ന് തട്ടിക്കൊണ്ടുപോയ വാണിജ്യ കപ്പലുകളിലെ 22 ഇന്ത്യൻ നാവികർ സുരക്ഷിതരാണെന്ന് കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ.

**22 Indian Crew Members Onboard Commercial Vessels Hijacked Off Yemen and Somalia Coasts Are Safe, Says Indian High Commission in Kenya.**

**4. 72-ാമത് നെഹ്റു ട്രോഫി വള്ളംകളി ആവേശത്തിൽ ആലപ്പുഴയിലെ പുന്നമടക്കായൽ; ഉദ്ഘാടനം ഉച്ചയ്ക്ക് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും.**

**Punnamada Lake in Alappuzha All Set for 72nd Nehru Trophy Boat Race; Chief Minister V. D. Satheesan to Inaugurate Event This Afternoon.**

**5. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയെന്നും മുന്നറിയിപ്പ്.**

**IMD Predicts Isolated Heavy Rainfall Across Kerala in Coming Days; Issue Warning Over Potential Swell Waves Along Coasts.**

**6. ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിതാ ഡബിൾസ് സെമിയിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ഇന്ന് ചൈനീസ് ജോഡിയെ നേരിടും.**

**In World Badminton Championships Women's Doubles Semi-Finals: India's Treesa Jolly – Gayatri Gopichand Pair to Face Chinese Duo Today .**

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**BRICS – YOUTH MINISTERS**

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെയും കായിക മന്ത്രിമാരുടെയും യോഗങ്ങൾക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നു. ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗം ഇന്നും, കായിക മന്ത്രിമാരുടെ യോഗം നാളെയുമായാണ് നടക്കുന്നത്. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിലാണ് യോഗം. യുവജനക്ഷേമ, കായിക മേഖലകളിലെ സഹകരണം ശക്തമാക്കുന്നതിനായി ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുമുള്ള മന്ത്രിമാരും പ്രതിനിധിസംഘ തലവന്മാരും യോഗങ്ങളിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**INDIA-SOMALIA SHIPS HIJACK**

22 ഇന്ത്യൻ നാവികരുൾപ്പെട്ട രണ്ട് വാണിജ്യ കപ്പലുകൾ യെമൻ, സൊമാലിയ തീരങ്ങളിൽ വെച്ച് തട്ടിക്കൊണ്ടുപോയ സംഭവത്തിൽ യാത്രക്കാർ സുരക്ഷിതരാണെന്ന് കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ അറിയിച്ചു. നാവികരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ഇന്ത്യ അതീവ പ്രാധാന്യമാണ് നൽകുന്നതെന്നും ഹൈക്കമ്മീഷൻ പറഞ്ഞു. വിഷയത്തിൽ സൊമാലിയൻ സർക്കാരുമായി ആശയവിനിമയം നടത്തിയതായും ഹൈക്കമ്മീഷൻ സമൂഹമാധ്യമത്തിൽ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**GOVT– FDC**

'ക്ലോർ ഫെനിറാമൈൻ മാലേറ്റ്' 'ഫെനൈൽ ഫ്രിൻ ഹൈഡ്രോക്ലോറൈഡ്' എന്നിവ അടങ്ങിയ മരുന്നുകൾ നാല് വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി നിർമ്മിക്കുന്നതിനും വിതരണത്തിനും കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇവ അടങ്ങിയ മരുന്നുകൾ ഈ പ്രായത്തിലുള്ള

കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ടെന്ന കണ്ടെത്തലിനെതുടർന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നടപടി. കൂടാതെ ഇവ അടങ്ങിയ മരുന്നുകളിൽ " നാല് വയസ്സിൽ താഴെയുള്ള കുട്ടികളിൽ ഉപയോഗിക്കാൻ പാടില്ല" എന്ന മുന്നറിയിപ്പ് വ്യക്തമായി പ്രദർശിപ്പിക്കണമെന്നും മന്ത്രാലയം നിർമ്മാതാക്കൾക്ക് നിർദ്ദേശം നൽകി.

$$$$$$$$$$$$$$$$$$$$$$$$

**MURUGAN-IFFI PREPARATIONS (INTRO)**

***57-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി സ്റ്റിയറിങ് കമ്മിറ്റി ആദ്യ യോഗം ന്യൂഡൽഹിയിൽ ചേർന്നു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ അധ്യക്ഷത വഹിച്ചു. നവംബർ 20 മുതൽ 28 വരെ ഗോവയിലാണ് 57-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള നടക്കുന്നത്.***

***വിശദാംശങ്ങളിലേക്ക്.........***

***MURUGAN-IFFI PREPARATIONS (VO)***

***ലോകോത്തര അന്താരാഷ്ട്ര ചലച്ചിത്രമേള എന്ന നിലയിലുള്ള ഐ. എഫ്. എഫ്. ഐയുടെ പ്രാധാന്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ യോഗം ചർച്ച ചെയ്തു. ഈ വർഷം നവംബർ 20 മുതൽ 28 വരെ ഗോവയിലാണ് 57-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള നടക്കുക. യുവ വിദ്യാർഥികൾക്കും പുതുതായി രംഗത്തുവരുന്ന ചലച്ചിത്ര പ്രവർത്തകർക്കും ഇന്ത്യൻ ചലച്ചിത്ര മേഖലയിലെ ശ്രദ്ധിക്കപ്പെടാത്ത പ്രതിഭകൾക്കും കൂടുതൽ അവസരങ്ങൾ നൽകേണ്ടതിൻറെ പ്രാധാന്യം ഡോ. എൽ. മുരുകൻ യോഗത്തിൽ പരാമർശിച്ചു. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മികച്ച സിനിമകളും പ്രമുഖ സർഗാത്മക പ്രതിഭകളെയും ഇന്ത്യയിലെത്തിച്ച് മേളയുടെ അന്താരാഷ്ട്ര പ്രാധാന്യം കൂടുതൽ ശക്തിപ്പെടുത്തണമെന്നും കേന്ദ്ര സഹമന്ത്രി അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ഓറഞ്ച് സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തിന്റെ സർഗാത്മക വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി മന്ത്രാലയം പുതിയ സംരംഭങ്ങൾ നടപ്പാക്കുകയാണെന്നും ശ്രീ മുരുകൻ വ്യക്തമാക്കി. ഇതിലൂടെ***

***<u>പ്രതിഭകൾക്കും നവീന ആശയങ്ങൾക്കും ആഗോള സഹകരണത്തിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ വളർന്നുവരുന്ന സർഗാത്മക സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യൻ-അന്താരാഷ്ട്ര സർഗാത്മക സമൂഹങ്ങൾ തമ്മിലുള്ള സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനുമുള്ള പ്രധാന വേദിയായി ഐ.എഫ്.എഫ്.ഐയെ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി ചഞ്ചൽ കുമാർ പറഞ്ഞു. ന്യൂസ് ഡെസ്ക് ആകാശവാണി.</u>***

$$$$$$$$$$$$$$$$$$$$$$$$

**<u>RURAL DEVELOPMENT– MEETING</u>**

ഗ്രാമീണ മേഖലയിലെ വനിതാ സംരംഭകത്വം ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന മിഷന് കീഴിലുള്ള കാർഷികേതര ഉപജീവന ഘടകത്തിലെ ശുപാർശകൾ ഗ്രാമവികസന മന്ത്രാലയത്തിന്റെപ്രത്യേക സമിതി ഡൽഹിയിൽ അവലോകനം ചെയ്തു. വനിതകളുടെ നേതൃത്വത്തിലുള്ള ഗ്രാമീണ സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും, ചെറുകിട സ്വയംസഹായ സംഘ സംരംഭങ്ങളെ കൂടുതൽ വികസനസാധ്യതയുള്ള ബിസിനസുകളാക്കി ഉയർത്തുന്നതിനുമുള്ള മാർഗങ്ങൾ രൂപപ്പെടുത്തുകയുമായിരുന്നു യോഗത്തിന്റെ ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$

**<u>RAILWAY –PALAKKAD</u>**

പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്ന് മംഗലാപുരം സ്റ്റേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വേർപെടുത്താനുള്ള തീരുമാനം ഏകപക്ഷീയമെന്ന് കേരളം മുഖ്യമന്ത്രിയുടെ ഓഫീസ്. ഇതുമൂലം പാലക്കാട്

ഡിവിഷൻറെ വരുമാനം ഗണ്യമായി കുറയുമെന്നും അടിയന്തരമായ പ്രശ്നപരിഹാരം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിനെ സമീപിക്കുമെന്നും സർക്കാർ വ്യക്തമാക്കി. ഈ വിഷയത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവെ മന്ത്രിക്കും കത്തയയ്ക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു

$$$$$$$$$$$$$$$$$$$$$$$$

## ONAM

തിരുവോണത്തിന് ഇനി നാല് നാളുകൾ മാത്രം. നാടെങ്ങും ആവേശകരമായ ഓണാഘോഷ പരിപാടികൾ പുരോഗമിക്കുകയാണ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ എല്ലാ മലയാളികൾക്കും ഓണാശംസകൾ നേർന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓണാവധി ആരംഭിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും വ്യാജമദ്യം, ലഹരിക്കടത്ത് എന്നിവ തടയുന്നതിനായും ചെക്ക് പോസ്റ്റുകളിലും റോഡുകളിലും വാഹന പരിശോധനയും ബോർഡർ പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

## NEHRU TROPHY

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ പൂർണ്ണം. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് ഉദ്ഘാടനം നിർവഹിക്കും. കർണാടക മുഖ്യമന്ത്രി ഡി കെ ശിവകുമാർ മുഖ്യാതിഥിയാകും. പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. നെഹ്റു ട്രോഫിയോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

## TEACHERS AWARD (INTRO)

***ദേശീയ അധ്യാപക പുരസ്കാരങ്ങൾ സെപ്റ്റംബർ 5-ന് രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും. രാജ്യത്തെ 48***

*അധ്യാപകരാണ് പുരസ്കാരത്തിന് അർഹരായത്. പുരസ്കാരത്തിനർഹനായ കേരളത്തിലെ പുഴാതി GUP സ്കൂൾ പ്രധാനധ്യാപകൻ KP സുനിൽകുമാർ ആകാശവാണിയോട്.........*

*(ഹോൾഡ്)*

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**RAIN-KERALA**

കേരളത്തിൽ നാളെ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ ഈ മാസം 25 വരെ കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

**IMD-WEATHER**

അസം, സിക്കിം, മേഘാലയ, നാഗാലാണ്ട്, മണിപ്പൂർ, മിസോറാം, ത്രിപുര ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ മേഖലകളിൽ നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, പുതുച്ചേരി, എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**BADMINTON**

ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ വനിതാ ഡബിൾസ് സെമിയിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ഇന്ന് ചൈനീസ് ജോഡിയെ നേരിടും. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് സഖ്യം ക്വാർട്ടറിൽ, ചൈനയോട് പരാജയപ്പെട്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി.

$$$$$$$$$$$$$$$$$$$$$$$$$$

## HOCKEY-WORLD CUP

FIH ഹോക്കി ലോകകപ്പിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 7:30 നാണ് മത്സരം. പാകിസ്ഥാനെ 5-3 ന് പരാജയപ്പെടുത്തി ഇന്ത്യ പൂൾ ഡിയിൽ രണ്ടാം സ്ഥാനത്താണ്.

$$$$$$$$$$$$$$$$$$$$$$$$$$

## IND VS SRILANKA

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ ആരംഭിക്കും. ഇന്ത്യൻ സമയം രാവിലെ 10 മണി മുതൽ കൊളംബോയിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം.

$$$$$$$$$$$$$$$$$$$$$$$$$$

## EPFO-EEC CAMPAIGN

ഇ.പി.എഫ് ആനുകൂല്യങ്ങൾക്ക് പുറത്തുള്ള തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി 'എംപ്ലോയീസ് എൻറോൾമെന്റ് ക്യാമ്പയിൻ 2026' പ്രയോജനപ്പെടുത്തണമെന്ന് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചു. തൊഴിലുടമകൾ സ്വമേധയാ നിയമങ്ങൾ പാലിക്കുന്നതിനും യോഗ്യരായ തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ, ഇൻഷുറൻസ് എന്നിവയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഈ പ്രചാരണം ലക്ഷ്യമിടുന്നത്. ഈ വർഷം ഒക്ടോബർ 31 വരെ ക്യാമ്പയിൻ നിലവിലുണ്ടാകുമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

## JHARKHAND-CLASHES

ഝാർഖണ്ഡിൽ J P S C - J S S C നിയമന പരീക്ഷകളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിഷയം രൂക്ഷമായി. റാഞ്ചി, ഗിരിഡിഹ്, ഹസാരിബാഗ് എന്നിവിടങ്ങളിൽ ഇന്നലെ വൈകിട്ട് വിദ്യാർഥി പ്രതിഷേധക്കാരും ഝാർഖണ്ഡ് മുക്തി മോർച്ച പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി. റാഞ്ചിയിൽ മുഖ്യമന്ത്രി ഹേമന്ത് സോറനെതിരെ പ്രതിഷേധിച്ച് വിദ്യാർഥികൾ നടത്തി മാർച്ചിനിടെയാണ് സംഘർഷമുണ്ടായത്. പ്രവർത്തകരും പോലീസും പ്രതിഷേധകരെ കയ്യേറ്റം ചെയ്യുതായി വിദ്യാർഥി നേതാക്കൾ ആരോപിച്ചു. എന്നാൽ, പ്രതിഷേധക്കാരിൽ ചിലർ നിശ്ചയിച്ച മാർഗം ലംഘിക്കുകയും സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുതായി പോലീസ് ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$$$$

## TRUMP-STRAIT OF HORMUZ

ഹോർമുസ് കടലിടുക്ക് നിലവിൽ അമേരിക്കൻ പ്രദേശമാണെന്ന് അവകാശപ്പെട്ട് യുഎസ് പ്രസിന്റ് ഡോണൾഡ് ട്രംപ് . ഇറാനെ ആണവായുധം നിർമ്മിക്കാൻ അനുവദിക്കുകയില്ല എന്നും കരാറിനായി ഇറാൻ ശ്രമിക്കുന്നതായും ട്രംപ് പറഞ്ഞു. കരോളിനയിൽ ഒരു പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . എന്നാൽ ഈ വാദങ്ങൾ തള്ളിയ ഇറാൻ, സാമ്പത്തിക ഉപരോധങ്ങൾ പിൻവലിക്കാതെ ഹോർമുസ് കടലിടുക്ക് തുറക്കില്ലെന്നും അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$